ഉത്തരം

(എ) ഉണ്ട്. ഈ സർക്കാരിന്റെകാലത്ത് പോലീസ് സ്റ്റേഷനുകളിൽ കസ്റ്റഡിയിലായിരുന്നവരെ മോചിപ്പിച്ചുകൊണ്ടുപോയ രണ്ട് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(സി) വിശദവിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(ഡി) ഇത്തരം കേസ്സുകൾ പിൻവലിക്കാനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

കറുകുത്തുങ്കളുടെ അനിയന്ത്രിതമായ വർദ്ധനവ്

233 (3055) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കറുകുത്യങ്ങൾ അനിയന്ത്രിതമായി പെരുകുന്ന കാര്യം ശ്രദ്ധയിലുണ്ടോ ; എങ്കിൽ അതുതടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയും നടന്ന പീഡനക്കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടതിന്റെ 1-7-2011 മുതൽ 30-6-2015 വരെയുള്ള വിശദാംശം ലഭ്യമാക്കാമോ ;

(സി) കസ്റ്റഡി മരണങ്ങൾ, ക്വട്ടേഷൻ സംഘങ്ങൾ ആക്രമിച്ച് കൊലപ്പെടുത്തിയവർ, മണൽ മാഫിയകളുടെ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവർ എന്നിവ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ 1-7-2011 മുതൽ 30-6-2015 വരെയുള്ളതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കറുകുത്യങ്ങൾ അനിയന്ത്രിതമായി പെരുകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയും നടന്ന പീഡനക്കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടതിന്റെ 1-7-2011 മുതൽ 30-6-2015 വരെയുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

സ്ത്രീകൾക്കെതിരെ നടന്ന പീഡന കേസ്സുകൾ	കുട്ടികൾക്കെതിരെ നടന്ന പീഡന കേസ്സുകൾ
54165	7160

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30-6-2015 വരെ 11 കസ്റ്റഡിമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിന് 11 ക്രൈം കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* 4 പേരെ ക്വട്ടേഷൻ സംഘങ്ങൾ ആക്രമിച്ച് കൊലപ്പെടുത്തിയിട്ടുണ്ട്. ഇതിന് 4 ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. മരണപ്പെട്ടവരുടെ പേരും ക്രൈം നമ്പരും ചുവടെ ചേർക്കുന്നു. മണൽ മാഫിയകളുടെ ആക്രമണങ്ങളിൽ ആരും കൊലചെയ്യപ്പെട്ടിട്ടില്ല.

ക്വട്ടേഷൻ സംഘങ്ങൾ ആക്രമിച്ച് കൊലപ്പെടുത്തിയവർ

Police Station	Cr.No.&Sec	Name of Victim
Mannachery	95/15 u/s.143, 147, 148, 149, 324, 302 IPC	Venugopal
Pampady	986/13 u/s 302, 201, 120(B), 34 IPC	Lineesh
Angamaly	1397/11 u/s 143, 147, 148, 120(b), 109, 447, 302, 212, r/w 149 IPC & 27 of Arms Act (TR to CBCID)	Thomas
Palakkad Town South	2161/13 u/s 302, 118, 120(B) r/w 34 IPC	Prakasan

മാധ്യമപ്രവർത്തകരെ മർദ്ദിച്ച കേസ്

234 (3056) ശ്രീ. കെ. കെ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് 2015 ജൂൺ 30-ന് മാധ്യമപ്രവർത്തകരെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ആരെയൊക്കെ പ്രതി ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കേസ്സുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly